**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ന്റെ നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത് : ഡോ. പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്.എസ്.**

വിഷയം : കേരള വനം വകുപ്പ്– ജീവനക്കാര്യം – വനം വകുപ്പിൽ പുതുതായി ആറ് ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നത് - ആറ് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ പുനഃവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : സ.ഉ. (കൈ) നമ്പർ 03/2026/വനം തീയതി 22-01-2026.

**ഉത്തരവ് നമ്പർ ഇ4-5040/2023 തീയതി : 21-02-2026**

വനം - വന്യജീവി സംരക്ഷണം കൂടുതൽ കാര്യക്ഷമവും, സുഗമവും ആക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും വേണ്ടി തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയിഞ്ചിലെ **കല്ലാർ**, മാങ്കുളം ഡിവിഷനിലെ ആനക്കുളം റെയിഞ്ചിലെ **ആനക്കുളം**, പാലക്കാട് ഡിവിഷനിലെ മലമ്പുഴ റെയിഞ്ചിലെ **വാളയാർ**, കോഴിക്കോട് ഡിവിഷനിലെ താമരശ്ശേരി റെയിഞ്ചിലെ **ആനക്കാംപൊയ്യിൽ**, കണ്ണൂർ ഡിവിഷനിലെ കൊട്ടിയൂർ റെയിഞ്ചിലെ **കൊട്ടിയൂർ**, കാസർഗോഡ് ഡിവിഷനിലെ കാസർഗോഡ് റെയിഞ്ചിലെ **ബന്തടുക്ക** എന്നിവിടങ്ങളിൽ ആറ് ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചുകൊണ്ടും, **ടി ഫോറസ്റ്റ് സ്റ്റേഷനുകളിലേയ്ക്ക് 6 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ (ഓരോ സ്റ്റേഷനിലും ഒന്ന് വീതം)** പുനഃവിന്യസിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അതുപ്രകാരം പുതുതായി രൂപീകരിച്ച ഫോറസ്റ്റ് സ്റ്റേഷനുകളിലേയ്ക്ക് ചുവടെപ്പറയുന്ന ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ പുനഃവിന്യസിച്ചുകൊണ്ടും ടി തസ്തികകളിലേയ്ക്ക് ഭരണപരമായ സൗകര്യം കൂടി കണക്കിലെടുത്തുകൊണ്ട് നിയമനം നടത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പുതുതായി രൂപീകരിച്ച ഫോറസ്റ്റ് സ്റ്റേഷൻ/ റെയിഞ്ച്/ ഡിവിഷൻ/ സർക്കിൾ | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക പുനർ വിന്യാസം നടത്തുന്ന ഓഫീസ് | പുനഃവിന്യസിക്കുന്ന തസ്തികയുടെ എണ്ണം |
|---|---|---|---|
| 1. | കല്ലാർ ഫോറസ്റ്റ് സ്റ്റേഷൻ<br>പാലോട് റെയിഞ്ച്<br>തിരുവനന്തപുരം ഡിവിഷൻ<br>സതേൺ സർക്കിൾ കൊല്ലം | പാലോട് റെയിഞ്ച്<br>തിരുവനന്തപുരം ഡിവിഷൻ<br>സതേൺ സർക്കിൾ കൊല്ലം | 1 |

| | | | |
|---|---|---|---|
| 2. | ആനക്കുളം ഫോറസ്റ്റ് സ്റ്റേഷൻ<br>ആനക്കുളം റെയിഞ്ച്<br>മാങ്കുളം ഡിവിഷൻ<br>ഹൈറേഞ്ച് സർക്കിൾ കോട്ടയം | വള്ളക്കടവ് റെയിഞ്ച്<br>പെരിയാർ ഈസ്റ്റ് ഡിവിഷൻ<br>വൈൽഡ് ലൈഫ് സർക്കിൾ,<br>കോട്ടയം | 1 |
| 3. | മലമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ<br>വാളയാർ റെയിഞ്ച്<br>പാലക്കാട് ഡിവിഷൻ<br>ഈസ്റ്റേൺ സർക്കിൾ പാലക്കാട് | കുമിളി റെയിഞ്ച്<br>കോട്ടയം ഡിവിഷൻ<br>ഹൈറേഞ്ച് സർക്കിൾ കോട്ടയം | 1 |
| 4. | ആനക്കാംപൊയ്യിൽ ഫോറസ്റ്റ്<br>സ്റ്റേഷൻ<br>താമരശ്ശേരി റെയിഞ്ച്<br>കോഴിക്കോട് ഡിവിഷൻ<br>നോർത്തേൺ സർക്കിൾ കണ്ണൂർ | എസ്റ്റേറ്റ് ഓഫീസ്<br>മാത്തോട്ടം<br>കോഴിക്കോട് ഡിവിഷൻ<br>നോർത്തേൺ സർക്കിൾ കണ്ണൂർ | 1 |
| 5. | കൊട്ടിയൂർ ഫോറസ്റ്റ് സ്റ്റേഷൻ<br>കൊട്ടിയൂർ റെയിഞ്ച്<br>കണ്ണൂർ ഡിവിഷൻ<br>നോർത്തേൺ സർക്കിൾ കണ്ണൂർ | തട്ടേക്കാട് പക്ഷി സങ്കേതം<br>ഇടുക്കി വൈൽഡ് ലൈഫ്<br>ഡിവിഷൻ<br>വൈൽഡ് ലൈഫ് സർക്കിൾ,<br>കോട്ടയം | 1 |
| 6. | ബന്തടുക്ക ഫോറസ്റ്റ് സ്റ്റേഷൻ<br>കാസർഗോഡ് റെയിഞ്ച്<br>കാസർഗോഡ് ഡിവിഷൻ<br>നോർത്തേൺ സർക്കിൾ കണ്ണൂർ | പരപ്പ ടിംബർ ഡിപ്പോ<br>കോഴിക്കോട് ടിംബർ<br>സെയിൽസ് ഡിവിഷൻ<br>നോർത്തേൺ സർക്കിൾ കണ്ണൂർ | 1 |

മേൽപ്പറഞ്ഞ പ്രകാരം ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ പുനഃവിന്യസിക്കപ്പെട്ട കോഴിക്കോട് വനശ്രീ കോംപ്ലക്സിലെ എസ്റ്റേറ്റ് ഓഫീസ്, കോഴിക്കോട് ടിംബർ സെയിൽസ് ഡിവിഷനിലെ കാസർഗോഡ് ജില്ലയിലുള്ള പരപ്പ ടിംബർ ഡിപ്പോ എന്നിവിടങ്ങളിൽ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകയ്ക്ക് പകരം ഇനി മുതൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികകളായിരിക്കും ഉണ്ടാകുക.

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി റെയിഞ്ചിലെ 3 സെക്ഷനുകൾ ചേർത്താണ് പുതിയ ആനക്കാംപൊയ്യിൽ ഫോറസ്റ്റ് സ്റ്റേഷൻ രൂപീകരിച്ചിട്ടുള്ളത്. ഈ മൂന്ന് സെക്ഷനുകളിലായി നിലവിലുള്ള 5 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികകളിൽ ഒരെണ്ണം കോഴിക്കോട് വനശ്രീ ഫോറസ്റ്റ് കോംപ്ലക്സിലെ എസ്റ്റേറ്റ് ഓഫീസർ തസ്തികയായും, ഒരെണ്ണം

കാസർഗോഡ് ജില്ലയിലെ പരപ്പ ടിംബർ ഡിപ്പോയുടെ ഡിപ്പോ ഓഫീസർ തസ്തികയായും പുനഃവിന്യസിച്ചുകൊണ്ട് സർക്കാർ അനുമതിക്ക് വിധേയമായി ഇതിനാൽ ഉത്തരവാകുന്നു. ഇപ്രകാരം പുനഃവിന്യസിച്ച സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികകളിലേയ്ക്കുള്ള നിയമനം കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തേണ്ടതാണ്.

ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ പുനഃവിന്യസിക്കപ്പെട്ട പാലോട് റെയിഞ്ച്, കുമിളി റെയിഞ്ച്, വള്ളക്കടവ് റെയിഞ്ച്, തട്ടേക്കാട് പക്ഷി സങ്കേതം എന്നിവിടങ്ങളിൽ പകരം തസ്തികകളോ, നിയമനമോ ഉണ്ടായിരിക്കുന്നതല്ല.

**പുതുതായി രൂപീകരിച്ച ഫോറസ്റ്റ് സ്റ്റേഷനുകളിലേയ്ക്ക് മേൽപ്പറഞ്ഞ പ്രകാരം പുനഃവിന്യസിക്കപ്പെട്ട ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകളിൽ താഴെപ്പറയും പ്രകാരം നിയമനവും സ്ഥലംമാറ്റവും നടത്തിക്കൊണ്ട് ഉത്തരവാകുന്നു.**

| ക്രമ നമ്പർ | പേര്, പെൻ, തസ്തിക, നിലവിൽ ജോലി നോക്കുന്ന ഓഫീസ് | സ്ഥലംമാറ്റി നിയമിക്കപ്പെടുന്ന ഓഫീസ് | റിമാർക്സ് |
|---|---|---|---|
| 1. | ശ്രീ. സന്തോഷ് കുമാർ ജി.<br>(PEN : 153880)<br>ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,<br>പാലോട് റെയിഞ്ച്<br>തിരുവനന്തപുരം ഡിവിഷൻ | കല്ലാർ ഫോറസ്റ്റ് സ്റ്റേഷൻ<br>പാലോട് റെയിഞ്ച്<br>തിരുവനന്തപുരം ഡിവിഷൻ | പുനഃവിന്യസിക്കപ്പെട്ട തസ്തികയിൽ |
| 2. | ശ്രീ. ഫിലിപ്പ് കെ. വി.<br>(PEN : 365191)<br>ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,<br>വള്ളക്കടവ് റെയിഞ്ച്<br>പെരിയാർ ഈസ്റ്റ് ഡിവിഷൻ<br>തേക്കടി | ആനക്കുളം ഫോറസ്റ്റ് സ്റ്റേഷൻ<br>ആനക്കുളം റെയിഞ്ച്<br>മാങ്കുളം ഡിവിഷൻ | പുനഃവിന്യസിക്കപ്പെട്ട തസ്തികയിൽ |
| 3. | ശ്രീ. ജോജി എം. ജേക്കബ്ബ്<br>(PEN : 438185)<br>ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,<br>കുമിളി റെയിഞ്ച്<br>കോട്ടയം ഡിവിഷൻ | മലമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ<br>വാളയാർ റെയിഞ്ച്<br>പാലക്കാട് ഡിവിഷൻ | പുനഃവിന്യസിക്കപ്പെട്ട തസ്തികയിൽ |

| | | | |
|---|---|---|---|
| | | | |
| 4. | ശ്രീ. ഷാജു കെ.<br>(PEN : 153806)<br>ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,<br>എസ്റ്റേറ്റ് ഓഫീസ്, മാത്തോട്ടം<br>വനശ്രീ ഫോറസ്റ്റ് കോംപ്ലക്സ്, കോഴിക്കോട് | ആനക്കാംപൊയ്യിൽ ഫോറസ്റ്റ് സ്റ്റേഷൻ<br>താമരശ്ശേരി റെയിഞ്ച്<br>കോഴിക്കോട് ഡിവിഷൻ | പുനഃവിന്യസിക്കപ്പെട്ട തസ്തികയിൽ |
| 5. | ശ്രീ. മഹേഷ് കെ. ജി.<br>(PEN : 442076)<br>ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,<br>തട്ടേക്കാട് പക്ഷി സങ്കേതം<br>ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷൻ | ഇടുക്കി ഫോറസ്റ്റ് സ്റ്റേഷൻ<br>ഭവാനി റെയിഞ്ച്<br>സൈലന്റ് വാലി നാഷണൽ പാർക്ക് ഡിവിഷൻ,<br>മണ്ണാർക്കാട് (ശ്രീ. സുനിൽ കുമാർ ബി.പി യെ സ്ഥലംമാറ്റുന്ന ഒഴിവിൽ) | സ്ഥലംമാറ്റം (ഭരണപരമായ സൗകര്യാർത്ഥം) |
| 6. | ശ്രീ. സുനിൽകുമാർ ബി.പി.<br>(PEN : 161595)<br>ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,<br>ഇടുക്കി ഫോറസ്റ്റ് സ്റ്റേഷൻ<br>ഭവാനി റെയിഞ്ച്<br>സൈലന്റ് വാലി നാഷണൽ പാർക്ക് ഡിവിഷൻ,<br>മണ്ണാർക്കാട് | കൊട്ടിയൂർ ഫോറസ്റ്റ് സ്റ്റേഷൻ<br>കൊട്ടിയൂർ റെയിഞ്ച്<br>കണ്ണൂർ ഡിവിഷൻ | സ്ഥലംമാറ്റം (അപേക്ഷ പ്രകാരം) പുനഃവിന്യസിക്കപ്പെട്ട തസ്തികയിൽ |
| 7. | ശ്രീ. മധുസൂദനൻ. കെ.<br>(PEN : 160899)<br>ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,<br>പരപ്പ ടിംബർ ഡിപ്പോ<br>കാസർഗോഡ്<br>ടിംബർ സെയിൽസ് ഡിവിഷൻ,<br>കോഴിക്കോട് | വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ,<br>പെരിയ റെയിഞ്ച്,<br>നോർത്ത് വയനാട് ഡിവിഷൻ.<br>(ശ്രീ.ബി.വി രാജഗോപാലനെ സ്ഥലംമാറ്റുന്ന ഒഴിവിൽ) | സ്ഥലംമാറ്റം (ഭരണപരമായ സൗകര്യാർത്ഥം) |
| 8. | ശ്രീ.ബി.വി രാജഗോപാലൻ<br>(PEN : 160778)<br>ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ, പെരിയ റെയിഞ്ച്,<br>നോർത്ത് വയനാട് ഡിവിഷൻ | ബന്തടുക്ക ഫോറസ്റ്റ് സ്റ്റേഷൻ<br>കാസർഗോഡ് റെയിഞ്ച്<br>കാസർഗോഡ് ഡിവിഷൻ | സ്ഥലംമാറ്റം (അപേക്ഷ പ്രകാരം) പുനഃവിന്യസിക്കപ്പെട്ട തസ്തികയിൽ |

മേൽപ്പറഞ്ഞ പ്രകാരം പുനഃവിന്യസിക്കപ്പെട്ട തസ്തികകളിൽ ജോലി നോക്കുന്ന ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ 25-02-2026 തീയതിയ്ക്കകം ബന്ധപ്പെട്ട ഡിവിഷൻതല ഓഫീസർമാർ വിടുതൽ ചെയ്യേണ്ടതാണ്. പുതുതായി രൂപീകരിക്കപ്പെട്ട ഫോറസ്റ്റ് സ്റ്റേഷനുകളിൽ നിയമിക്കപ്പെട്ട ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ അടിയന്തരമായി ചുമതല ഏറ്റെടുക്കേണ്ടതാണ്.

Signed by
Pramod G Krishnan
Date: 21-02-2026 17:45:35

**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**
**(ഭരണം)**

പകർപ്പ് :

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന് അറിവിനായി നൽകുന്നു.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
   (ഫിനാൻസ് ബഡ്ജറ്റ് & ഓഡിറ്റ്),
   പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
   (ഫോറസ്റ്റ് മാനേജ്മെന്റ്),
   പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വൈൽഡ് ലൈഫ് & ചീഫ് വൈൽഡ് ലൈഫ് വാർഡൻ
   എന്നിവർക്ക് അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി നൽകുന്നു.
3. എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവനായി നൽകുന്നു.
4. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ കൊല്ലം/ ഹൈറേഞ്ച് സർക്കിൾ കോട്ടയം/ സെൻട്രൽ സർക്കിൾ തൃശ്ശൂർ/ ഈസ്റ്റേൺ സർക്കിൾ പാലക്കാട്/ നോർത്തേൺ സർക്കിൾ കണ്ണൂർ, ഫീൽഡ് ഡയറക്ടർ കോട്ടയം/ പാലക്കാട് എന്നിവർക്ക് തുടർ നടപടികൾക്കായി നൽകുന്നു.
5. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി)ക്ക് വനം വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.
6. എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും/ ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ഈസ്റ്റ്/ പെരിയാർ വെസ്റ്റ്/ പറമ്പിക്കുളം/ എല്ലാ വൈൽഡ് ലൈഫ് വാർഡൻമാർക്കും/ പ്രിൻസിപ്പാൾ, കേരള ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അരിപ്പ/ വാളയാർ/ എല്ലാ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ എല്ലാ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ എല്ലാ വർക്കിംഗ് പ്ലാൻ

ഓഫീസർമാർക്കും നൽകുന്നു.